# ഉത്ഥിതനെ പ്രഘോഷിക്കുക സുവിശേഷത്തിന്റെമർമ്മം

ഡോ. ജേക്കബ് മുല്ലൂർ

മനുഷ്യാവതാരത്തിന്റെ പരമമായ ലക്ഷ്യം മനുഷ്യനു സമഗ്രമോചനം നൽകുകയും ദൈവം അവരെ സ്നേഹിക്കുന്നുവെന്നും ദൈവം അവരോടുകൂടെയുണ്ടെന്നും(എമ്മാനുവേൽ) ഉറപ്പുകൊടുക്കുകയുമാണ്. അതാണ് ആദ്യം രേഖപ്പെടുത്തപ്പെട്ട മർക്കോസിന്റെ സുവിശേഷം അവസാനം നാം കാണുന്നത്. തന്റെ സ്വർഗ്ഗാരോഹണംകൊണ്ട് മനുഷ്യാവതാര പ്രവർത്തനം അവസാനിക്കുകയല്ല, തന്റെ ശിഷ്യരിലൂടെ തുടങ്ങിവച്ച ദൈവമനുഷ്യസമാഗമം തുടർന്നുകൊണ്ടേയിരിക്കും എന്നും ദൗത്യം ഏല്പിക്കുന്നതിലൂടെ യേശുവ്യക്തമാക്കുന്നു.

വിശ്വാസരാഹിത്യത്തിൽനിന്ന്, വിശ്വാസത്തിന്റെ ആഴപ്പെടലിലേക്കു ശിഷ്യന്മാർ എത്തുന്ന രീതിയിലാണ് മർക്കോസ് സുവിശേഷം അവസാനിപ്പിക്കുന്നത്. മഗ്ദലനമറിയവും കൂട്ടരും ഉത്ഥാനാനുഭവത്തിൽ ഭയന്നുവിറച്ച് ആരോടും ഒന്നും പറയാതെ കഴിഞ്ഞുകൂടി (16:8). അവൾ പറഞ്ഞതുകേട്ട് ശിഷ്യന്മാരെ അറിയിച്ചെങ്കിലും അവരും വിശ്വസിച്ചില്ല(16:11). യേശു രണ്ടുപേർക്കു പ്രത്യേകം പ്രത്യക്ഷപ്പെട്ടു. അവർ യേശുവിന്റെ ഉത്ഥാനം വെളിപ്പെടുത്തിയിട്ടും ശിഷ്യന്മാർവിശ്വസിച്ചില്ല(16:13).യോഹ16:14–20

മൂന്നുപ്രാവശ്യം വിശ്വസിച്ചില്ല. എന്ന പരാമർശത്തിന്റെ പിന്നാലെയാണ് അപ്പസ്തോലന്മാർ മുഴുവനും ആയിരിക്കുന്ന ഭക്ഷണമേശയ്ക്കരികിൽ യേശു പ്രത്യക്ഷപ്പെടുന്നത്. മനുഷ്യൻ ഏറ്റവും കൂടുതൽ വിശ്വസിച്ച് ആസ്വദിക്കുന്ന സമയമാണ് ഭക്ഷണം കഴിക്കൽ. യേശുവെന്ന യാഥാർത്ഥ്യത്തെ സംശയത്തിനിടയില്ലാത്തവിധം വിശ്വസിക്കാൻ യേശു ക്ഷണിക്കുകയാണ്. താൻ മരണത്തെ അതിജീവിച്ചു എന്നും അതു സകല മനുഷ്യർക്കും അതിജീവനത്തിന്റെ അച്ചാരമാണെന്നും യേശു സാക്ഷ്യപ്പെടുത്തുന്നു. ദൈവം യേശുവിന്റെ വാക്കുകളും പ്രവൃത്തികളും അംഗീകരിച്ചു. അതുകൊണ്ട് ഇനി ശിഷ്യർക്ക് ആ സന്ദേശവും പ്രവൃത്തികളും സധൈര്യം തുടരാം.മൂന്നു സുവിശേഷങ്ങളും– മത്തായി, മർക്കോസ്, ലൂക്ക–യേശുവിന്റെ പ്രവർത്തനങ്ങളെ തിന്മകളുടെ ശക്തിയുടെ മേലുള്ള വിജയമായാണ് അവതരിപ്പിക്കുന്നത്. അതുകൊണ്ട്, യേശുവിന്റെ തുടർച്ചയായ സഭയുടെ ഈ ലോകത്തിലെ ദൗത്യത്തിന്റെ അടിസ്ഥാനഭാവം, തിന്മയെ ചെറുത്തുതോല്പിക്കുക എന്നതാണ്. അതുകൊണ്ടുതന്നെയാണ് വിറളിപിടിച്ച ലോകത്തു തിന്മ ആടിത്തിമിർക്കുമ്പോൾ ധാർമ്മികശക്തിക്കായി ലോകം ഇന്നും സഭയെ ഉറ്റുനോക്കുന്നത്. ഗർഭഛിദ്രവും സ്വവർഗ്ഗ വിവാഹവും മയക്കുമരുന്നുപയോഗങ്ങളും അഴിമതിയും ചെറുക്കാൻ ഇന്നും സഭാമക്കൾക്കു കഴിയുന്നതു യേശു കൈമാറിത്തന്ന ഈ വരദാനത്തിലൂടെയാണ്. അവർ എന്റെ നാമത്തിൽ പിശാചുകളെ പുറത്താക്കും (16:17). ഇന്നും സഭയുടെ ദൗത്യവും പ്രസക്തിയും തിന്മകൾക്കെതിരെയുള്ള യുദ്ധമാണെന്ന് എല്ലാ സഭാമക്കളും തിരിച്ചറിയണം.

യേശു കുറ്റപ്പെടുത്തുന്നതു വിശ്വാസരാഹിത്യത്തിനും ഹൃദയകാഠിന്യത്തിനുമാണ്. പത്ത് അദ്ഭുതങ്ങൾ കണ്ടിട്ടും വിശ്വസിക്കാത്ത ഫറവോയാണ് ഇക്കാര്യത്തിൽ മുമ്പൻ. ഇന്ന് സരളഹൃദയർക്കേ വിശ്വസിക്കാൻ സാധിക്കൂ. 'വിവേകികളിലും ബുദ്ധിമാൻമാരിലുംനിന്നു മറച്ചുവച്ച് ശിശുക്കൾക്കു സ്വന്തമാകുന്ന വിശ്വാസം, കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്നിങ്ങനെയുള്ള സൂക്തങ്ങൾ തരുന്ന ലളിതമായ അടയാളങ്ങളിൽ വിശ്വസിക്കാൻ നമ്മെ ക്ഷണിക്കുന്നു. അതിനായി നിന്റെ ഹൃദയം സരളമാകട്ടെ. സുവിശേഷം സർവ്വജനത്തോടും പ്രസംഗിക്കപ്പെടേണ്ടതാണ്. പല ഭാഷകളിൽ, സംസ്കാരങ്ങളിൽ, ദേശങ്ങളിൽ വേരുറപ്പിക്കാൻ പര്യാപ്തമാണ് യേശുസന്ദേശം. ദേവാലയത്തിലെ തിരശ്ശീല കീറിയതും (15:38) ശതാധിപന്റെ ഏറ്റുപറച്ചിലും(15:39) സുവിശേഷം എല്ലാ അതിരുകളും ലംഘിക്കപ്പെടുമെന്നും എല്ലാ ജനതകളും ഏറ്റു പറയുമെന്നും സൂചന നൽകിയിട്ടുണ്ട്. യേശു കൂടെയുള്ളതാണ് സുവിശേഷകന്റെ ഉറപ്പ്. നിന്റെ വിശ്വാസമോ കഴിവുകളോ അല്ല, ദൈവമാണ് നിന്നിലൂടെ പ്രവർത്തിക്കുന്നത് എന്ന കാര്യം സുവിശേഷകനിൽ ഉണ്ടായിരിക്കണം.

# ഈശോയ്ക്കു പകരം നില്ക്കുന്നവർ

**ഫാ.കുര്യൻ മറ്റം**

ഒരു ജീവിതാനുഭവം ഓർക്കുകയാണ്. രമ ഒരു ഹിന്ദു സ്ത്രീയാണ്. മദ്യപാനിയായ ഭർത്താവും കൊച്ചുമകനും അടങ്ങുന്ന കുടുംബമായിരുന്നു അവരുടേത്. മദ്യപാനിയായ ഭർത്താവ് കുടുംബം നരകമാക്കിയിരുന്നു. രമ കൈക്കുഞ്ഞിനെയും കൊണ്ട് കുളത്തിൽചാടി മരിക്കാൻ ഒരുങ്ങിയതാണ്. മാലാഖകുഞ്ഞിന്റെ മുഖത്തു നോക്കിയപ്പോൾ മരണം തത്കാലം വേണ്ടായെന്നു വച്ചു. ഈ കുടംബത്തിന്റെ ദുരവസ്ഥ അറിയാമായിരുന്ന രണ്ടു ചെറുപ്പക്കാർ ഭർത്താവിനെ ഒരു ധ്യാനമന്ദിരത്തിൽ എത്തിച്ചു. അദ്ദേഹം ധ്യാനം കൂടി മാനസാന്തരപ്പെട്ടു. അദ്ദേഹം തന്നെ മുൻകൈയെടുത്ത് ഭാര്യയെ ധ്യാനത്തിനയച്ചു. നരകമായിരുന്ന കുടുംബം സ്വർഗ്ഗമായി മാറി. രമ കൂലിപ്പണിക്കാരിയാണെങ്കിലും ഇപ്പോഴും പാവപ്പെട്ടവരുടെയും മദ്യപാനികളുടെയും അക്രൈസ്തവരുടെയും വീടുകളിൽ കയറി ഈശോയെക്കുറിച്ചു പറയുകയും ക്രിസ്തീയ മാസികകൾ വിതരണം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നു.

രമയുടെ തീക്ഷ്ണമായ പ്രാർത്ഥനയും സാക്ഷ്യവും പ്രചോദനവും ശുശ്രൂഷകളും വഴി അനേകർ ഈശോയെ അറിയാനും അംഗീകരിക്കാനും ഇടയായി.

ലോകം മുഴുവനോടും ''സർവ്വസൃഷ്ടികളോടും'' സുവിശേഷം അറിയിക്കാൻ വിളിക്കപ്പെട്ടവരാണ് ഈശോയുടെ അനുയായികളായ നാമെല്ലാവരും. അതിനു വലിയ പാണ്ഡിത്യമോ പ്രാഗല്ഭ്യമോ ഒന്നും ആവശ്യമില്ല. ദൈവവുമായുള്ള ഒരു ഗാഢബന്ധത്തിന്റെ ശക്തിയും അഭിഷേകവും മാത്രം മതി. ഏശയ്യാപ്രവാചകൻ ഒരു മിഷനറിയായി വിളിക്കപ്പെടുന്നതും നിയോഗിക്കപ്പെടുന്നതും ശ്രദ്ധേയമാണ്. അദ്ദേഹം ദൈവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധിയുടെയും മഹത്ത്വത്തിന്റെയും ഒരു ദർശനം അദ്ദേഹത്തിനു ലഭിച്ചു. ദൈവത്തിന്റെ പരിശുദ്ധിയുടെ മുമ്പിൽ തന്റെ അശുദ്ധിയും അയോഗ്യതയും അദ്ദേഹം തെളിഞ്ഞു കണ്ടു. പശ്ചാത്താപത്തോടെ തെറ്റുകൾ ഏറ്റുപറഞ്ഞു. അപ്പോൾ തീക്കനലുമായി വന്ന ദൂതൻ അദ്ദേഹത്തിന്റെ അധരങ്ങളെ സ്പർശിച്ചു: ''നിന്റെ മാലിന്യം നീക്കപ്പെട്ടു; നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു'' (ഏശ. 6:7) അപ്പോൾ ത്രീത്വൈകദൈവം ഒരു ചോദ്യം ചോദിക്കുന്നു: ''ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക?'' അപ്പോൾ പാപബന്ധങ്ങളിൽ നിന്നു വിമോചിക്കപ്പെട്ട അഭിഷേകത്തിലായിരുന്ന പ്രവാചകൻ പറഞ്ഞു: ''ഇതാ ഞാൻ! എന്നെ അയച്ചാലും'' (ഏശയ്യാ6:8) പാപങ്ങളിൽനിന്ന് വിശുദ്ധീകരിക്കപ്പെട്ടു പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലായിരിക്കുമ്പോഴാണ് ഈശോയെ കൊടുക്കാൻ ഒരാൾ പ്രാപ്തനാകുന്നത്; ഈശോയ്ക്കു പകരക്കാരനാവുന്നത്.

പന്തക്കുസ്തായുടെ അനുഭവമാണ് ഈശോയെ പ്രഘോഷിക്കാനുള്ള തീക്ഷ്ണതയും ആവേശവുംകൊണ്ടു ശിഷ്യന്മാരെ നിറച്ചത്. തങ്ങൾ അനുഭവിച്ചറിഞ്ഞ ദൈവത്തിന്റെ സ്നേഹവും നന്മയും വിളിച്ചറിയിക്കാതെ വയ്യ എന്ന അവസ്ഥയിൽ അവർ എത്തി. ഈശോയുടെ നാമത്തിൽ മേലിൽ പ്രസംഗിക്കരുതെന്നു പത്രോസിനെയും യോഹന്നാനെയും യഹൂദ അധികാരികൾ താക്കീതു ചെയ്തപ്പോൾ അവർ പറഞ്ഞു: ''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല'' (അപ്പ.4:20) വിദ്യാവിഹീനരായ ശിഷ്യരുടെ ധൈര്യവും ജ്ഞാനവും കണ്ട് അധികാരികൾ അദ്ഭുതപ്പെട്ടു. ''പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാണുകയും അവർ വിദ്യാവിഹീനരായ സാധാരണ മനുഷ്യരാണെന്നു മനസ്സിലാക്കുകയും ചെയ്തപ്പോൾ അവർ അത്ഭുതപ്പെട്ടു'' (അപ്പ. 4:13)

പ്രായോഗികമായി സുവിശേഷം അറിയിക്കാൻ അനേകം വഴികൾ നമുക്കുണ്ട്. ദൈവവചനം കേൾക്കാൻ പ്രേരിപ്പിക്കുക, പ്രചോദിപ്പിക്കുക എന്നതു പ്രധാനപ്പെട്ട കാര്യമാണ്. അതിനായി നമുക്കു പലരെയും കൺവൻഷനുകളിലേക്കും ധ്യാനങ്ങളിലേക്കും

നയിക്കാനാവും. മദ്യപാനികളെയും അവരുടെ കുടുംബങ്ങളെയും ആത്മീയമായി ദത്തെടുത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ ധ്യാനത്തിലേക്കും ചികിത്സയിലേക്കും എത്തിക്കാനും സാധിക്കും. ജീസസ് യൂത്തിലെ കുട്ടികൾ ചെയ്യുന്നതുപോലെ ബസിലും ട്രെയിനിലും അടുത്തിരിക്കുന്നവരോടും ഓരോ ദിവസവും കണ്ടുമുട്ടുന്നവരോടും അവസരമുണ്ടാക്കി സുവിശേഷം പറയാനും സാധിക്കും. പാപബന്ധനങ്ങളിൽ കഴിയുന്നവരെ, സഭയിൽനിന്ന് അകന്നുകഴിയുന്നവരെ, കുടുംബസന്ദർശനവും കൗൺസിലിംഗും വഴി ദൈവത്തിലേക്ക് അടുപ്പിക്കാനാവും.

# സഭയുടെ പ്രേഷിത പ്രവർത്തനം

**ഫാ. ജോർജ് ദാനവേലിൽ**

ആധുനിക മിഷൻ പ്രസ്ഥാനത്തിന്റെ 'മാഗ്നകാർത്ത' എന്നു വിശേഷിപ്പിക്കുന്ന 'സഭയുടെ പ്രേഷിത പ്രവർത്തനം' എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയുടെ തുടക്കത്തിൽതന്നെ സഭയുടെ അസ്ഥിത്വത്തെക്കുറിച്ചു നിർണ്ണായകമായ ഒരു പ്രഖ്യാപനം നടത്തുന്നുണ്ട്. സഭ സ്വഭാവത്താലെതന്നെ പ്രേഷിതയാണ്. ഈ സ്വഭാവം അവൾക്കു ജന്മനാ ഉള്ളതാണ്. പിതാവായ ദൈവത്തിന്റെ പദ്ധതി പ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷിതത്വത്തിൽ നിന്നാണ് അവളുടെ ഉത്ഭവം. സഭയുടെ സ്വഭാവം എന്തായിരിക്കണമെന്നു കൗൺസിൽ പിതാക്കൻമാർ വ്യക്തമാക്കിത്തരികയാണ് ഈ വാക്കുകളിലൂടെ.

എല്ലാത്തിന്റെയും തുടക്കം പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ്. അവിടെ നിന്നു പുത്രൻ ജനിക്കുന്നു. പിതാവിൽ നിന്നു പുത്രനിലൂടെ പരിശുദ്ധാത്മാവ് പുറപ്പെടുകയും ചെയ്യുന്നു. പിതാവിന്റെ സ്നേഹത്തിൽ നിറഞ്ഞ പുത്രൻ, സ്നേഹത്തിന്റെ നിർബന്ധം കൊണ്ട് ഈ സ്നേഹസന്ദേശം പങ്കുവയ്ക്കുന്ന പ്രേഷിതനായി മാംസം ധരിച്ചു. കാലിത്തൊഴുത്തു മുതൽ കാൽവരിവരെ സ്നേഹം പങ്കുവയ്ക്കുന്ന ഒരു പ്രേഷിത തീർത്ഥയാത്ര പുത്രൻ നടത്തുകയായിരുന്നു.

പരസ്യജീവിതത്തിന്റെ ആരംഭത്തിൽ നസ്രത്തിന്റെ സിനഗോഗിൽ വച്ച് താൻ ആരംഭിക്കാനിരിക്കുന്ന പ്രേഷിത തീർത്ഥയാത്രയുടെ നയപ്രഖ്യാപനം ഈശോ നടത്തുകയാണ്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാനായി അവിടുന്നെന്നെ

അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ച മർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്നെന്നെ അയച്ചിരിക്കുന്നു". നിയമത്തിന്റെ ബന്ധനങ്ങളിൽ നിന്നും മോചിപ്പിച്ച സ്നേഹ ത്തിന്റെ നവലോകത്തിലേക്കാണ് അവിടുന്ന് മനുഷ്യരാശിക്കു വാതിൽ തുറന്നുതന്നത്. അതിന്റെ പൂർത്തീകരണമായിരുന്നു കാൽവരിയിൽ അവിടുന്നർപ്പിച്ച സ്നേഹയാഗം. നമ്മുടെ രക്ഷക്കുവേണ്ടി ജീവനർപ്പിച്ചു കൊണ്ട് 'ദൈവം സ്നേഹമാണ്' എന്ന സത്യത്തിന്റെ ജ്വലി ക്കുന്ന അടയാളമായി അവിടുന്ന് കാൽവരിയിൽ മാറുകയായിരുന്നു. ഈശോയാകുന്ന രക്ഷ യുടെ സന്ദേശത്തിന്റെ പ്രഘോഷണമാണ് പ്രേഷിത പ്രവർത്തനം. രക്ഷയുടെ ഈ സദ്വാർത്ത ഭരമേല്പിച്ചിരിക്കുക സഭയെയാണ്. ഇതു കാത്തുസൂക്ഷിച്ചു സംരക്ഷിച്ചുവെക്കാനായല്ല സഭയെ ഭരമേല്പിച്ചിരിക്കുക, പങ്കുവയ്ക്കാനാണ്. ഈ നല്കലാണ്, പങ്കുവയ്ക്കലാണ്, സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ നടക്കുക. ഉത്ഥിതനായ ഈശോയുടെ പ്രത്യക്ഷീകരണങ്ങളെക്കു റിച്ചു വിവരിച്ചതിനുശേഷം, ഉത്ഥിതനായ ഈശോ നല്കുന്ന പ്രേഷിതദൗത്യത്തെക്കുറിച്ചു വിവ രിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗമാണ് വി.മർക്കോസറിച്ച സുവിശേഷം 16-ാം അദ്ധ്യായം 9 മുതൽ 20 വരെ തിരുവചനങ്ങൾ.

ഉത്ഥാനദിവസം രാവിലെ ഉയിർത്തെഴുന്നേറ്റ ഈശോ ആദ്യം മഗ്ദലേനക്കാരി മറിയ ത്തിനു പ്രത്യക്ഷപ്പെട്ടു. ഈ മറിയം ഈശോയുടെ കുരിശുമരണത്തിനും സംസ്കാരത്തിനും ശൂന്യമായ കല്ലറയ്ക്കും ദൃക്സാക്ഷിയായിരുന്നു എന്ന് വി.മർക്കോസിന്റെ സുവിശേഷ ത്തിൽനിന്നു വ്യക്തമാണ് (ഈശോ ഗലീലിയായിൽ ആയിരുന്നപ്പോൾ അവിടുത്തെ അനുഗമി ക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത സ്ത്രീകളിലൊരുവളായിരുന്നു മഗ്ദലേനമറിയം). ഈ ഉത്ഥാനദർശനം മറിയത്തെ മാത്രമുദ്ദേശിച്ചുള്ളതല്ല, മറ്റുള്ളവരെക്കൂടി ലക്ഷ്യം വച്ചുള്ളതായിരു ന്നു. അതിനാലാണ് ദുഃഖാർത്തരായി വിലപിച്ചിരുന്ന ശിഷ്യരെ മറിയം ഉത്ഥാനവാർത്ത അറിയി ക്കുക. അതിനുശേഷം ജറുസലേമിൽ നിന്ന് ഒരു ഗ്രാമത്തിലേക്കു നടന്നുപോയ മറ്റു രണ്ടു പേർക്കുകൂടി ഉത്ഥിതനായ ഈശോ മറ്റൊരുരൂപത്തിൽ പ്രത്യക്ഷനാവുകയാണ്. അവരും പോയി ബാക്കിയുള്ളവരെ ഉത്ഥാന സന്ദേശം അറിയിക്കുന്നു.

ഉത്ഥിതനായ ഈശോയെ കണ്ടുമുട്ടുകയും അനുഭവിക്കുകയും ചെയ്തവർക്ക് അതു മറ്റു ള്ളവരുമായി പങ്കുവയ്ക്കാതിരിക്കാനാവില്ല. ഇതാണ് മഗ്ദലേനമറിയത്തിലും മറ്റു രണ്ടു ശിഷ്യ രിലും നാം കാണുക. ഈ തീഷ്ണതയാണ് ഉത്ഥിതൻ നല്കിയ സമാധാനത്തിന്റെ സന്ദേശവു മായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പ്രേഷിതയാത്ര ചെയ്യാൻ ശ്ലീഹൻമാരെ പ്രേരിപ്പിച്ച ത്. ഉത്ഥാനം ചെയ്ത ഈശോയെ അനുഭവിച്ചറിയുന്ന ഓരോ വിശ്വാസിക്കും ഉണ്ടായിരിക്കേണ്ട പ്രേഷിതതീക്ഷണതയും ഇതു തന്നെയായിരിക്കേണ്ടതാണ്. ഈശോയെ വ്യക്തിപരമായി അനുഭ വിച്ചറിയുക എന്നത് ആത്മാർത്ഥമായ സുവിശേഷ പങ്കുവയ്ക്കലിനത്യാവശ്യമാണ്.

ഉത്ഥിതനായ ഈശോയുടെ മൂന്നാമത്തെ പ്രത്യക്ഷീകരണം ശിഷ്യൻമാർ പതിനൊന്നു പേരും ഒരുമിച്ചുകൂട്ടി ഭക്ഷണത്തിനിരിക്കുമ്പോഴാണ്. ഭക്ഷണാന്തരീക്ഷത്തിലുള്ള അവിടുത്തെ പ്രത്യക്ഷീകരണം ഏറെ ശ്രദ്ധേയമാണ്. ആഴ്ചയുടെ ആദ്യദിവസങ്ങളിൽ ക്രിസ്തു ശിഷ്യൻമാർ ഒരുമിച്ചുകൂട്ടി ഗുരുവിനൊടൊപ്പം തങ്ങൾ അവസാനമായി ഭക്ഷിച്ചതിന്റെ ഓർമ്മ അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെ ആചരിച്ചിരുന്നു. ആദിമ ക്രൈസ്തവസമൂഹം ഈ അപ്പം മുറിക്കൽ വേളകളിലായിരുന്നു ഉത്ഥിതനായ ഈശോയുടെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞിരുന്നത്. ഇന്ന് വിശ്വാസികളുടെ സമൂഹം കർത്താവിന്റെ ദിനത്തിൽ പരിശുദ്ധ കുർബാനയർപ്പണത്തിൽ അവിടുത്തെ സാന്നിദ്ധ്യം അനുഭവിക്കുന്നതുപോലെ. തന്റെ പതിനൊന്നു ശിഷ്യൻമാർക്കും പ്രത്യക്ഷപ്പെട്ട ഉത്ഥിതനായ ഈശോ തന്നെ ഇതിനു മുമ്പു കണ്ടവരുടെ വാക്കുകൾ വിശ്വസിക്കാഞ്ഞതു നിമിത്തം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയ കാഠിന്യത്തെയും കുറ്റപ്പെടുത്തുകയാണ്. തന്നെ നേരിൽ കാണാതെ തന്നെ, ഉത്ഥാനസാക്ഷികളുടെ വാക്കു വിശ്വസിക്കുന്നവരാണു ഭാഗ്യവാൻമാർ എന്നാണ് അവിടുന്ന് സൂചിപ്പിക്കുന്നത്. ഉത്ഥിതനെ ബാഹ്യനേത്രങ്ങൾ കൊണ്ടു കാണാൻ സാധിക്കാത്ത നാമും ചെയ്യേണ്ടതെന്താണെന്ന് ഈശോ വ്യക്തമാക്കിത്തരുന്നു. രക്ഷാകര സംഭവങ്ങൾക്കു ദൃക്സാക്ഷികളായ ശ്ലീഹൻമാർ ഏല്പിച്ചുതന്നിരിക്കുന്ന സുവിശേഷത്തിൽ വിശ്വസിക്കുകയും അങ്ങനെ രക്ഷാകരാനുഭവം സ്വന്തമാക്കുകയും ചെയ്യുക, ഇതാണു നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ആദ്യദൗത്യം.

ഉത്ഥിതനായ ഈശോയെ ദർശിക്കുവാൻ ഭാഗ്യം ലഭിച്ച പതിനൊന്നുപേരെയും വലിയൊരു ദൗത്യവുമായി ഈശോ അയക്കുകയാണ്, 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'. ഈശോയുടെ ശിഷ്യന്മാർ പ്രഘോഷിക്കേണ്ടതു സുവിശേഷമാണ്. ഈ സുവിശേഷമെന്താണെന്നു തന്റെ സുവിശേഷ വിവരണത്തിന്റെ ആരംഭത്തിൽതന്നെ വി. മർക്കോസ് വ്യക്തമാക്കുന്നു. നസ്രായനായ ഈശോ ദൈവപുത്രനും മിശിഹായുമാണ്. ഈശോയിലൂടെ നമുക്കു രക്ഷ സംലഭ്യമായി. ഈ സദ്വാർത്തയാണ് ഈശോയുടെ ശിഷ്യൻമാർ പ്രഘോഷിക്കേണ്ടത്.

'നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന ദൗത്യമാണ് ഉത്ഥിതനായ ഈശോ തന്റെ അന്ത്യാഭിലാഷമായി ശിഷ്യഗണത്തിനു കൈമാറുക. മാമ്മോദീസ എന്ന കൂദാശയിലൂടെ ഈശോയുടെ രാജകീയ പൗരോഹിത്യത്തിൽ പങ്കുചേരുന്ന സഭാംഗങ്ങൾ എല്ലാവരിലും ഈ സുവിശേഷപ്രഘോഷണ ദൗത്യം നിക്ഷിപ്തമാണ്. ക്രൈസ്തവിശ്വാസജീവിതത്തിന്റെ അന്ത:സത്തയെ സ്പർശിക്കുന്ന ഈ ഉത്തരവാദിത്വം മനസ്സിലാക്കി ഓരോ ക്രൈസ്തവനും കർമ്മരംഗത്തേക്കിറങ്ങിയാൽ മാത്രമേ അസ്തിത്വം പൂർണ്ണമാവുകയുള്ളു.

നമ്മുടെ പ്രേഷിതദൗത്യനിർവ്വഹണം നമ്മുടെ ജീവിത മേഖലകൾക്കനുസരിച്ചു പലരീതിയിൽ നമുക്കു നിറവേറ്റുവാൻ സാധിക്കും. അനുദിനജീവിതത്തിലെ നമ്മുടെ പ്രവൃത്തികൾ

ദൈവമഹത്വത്തിന്റെ പങ്കുവയ്ക്കലായി നമുക്കു മാറ്റുവാൻ സാധിക്കണം. ക്രിസ്ത്വാനുഭവം നമ്മുടെ ഓരോ ജീവിത ചലനങ്ങളിലേക്കും പ്രസരിപ്പിക്കുവാൻ സാധിക്കുക എന്നതാണ് ഇതിന് ആദ്യപടിയായി നാം ചെയ്യേണ്ടത്. വ്യക്തികളുടെ അനുഭവചൈതന്യം കുടുംബങ്ങളിലേക്കും അതുവഴി സമൂഹത്തിലേക്കും വ്യാപിക്കുമ്പോൾ നമ്മുടെ ദൗത്യനിർവ്വഹണം നാം ആരംഭിക്കുക യായി. വി.കുർബാനയർപ്പണത്തിനായി ഒരുമിച്ചുകൂടി ബലിയർപ്പിച്ച് അതിൽ നിന്നും ദൈവിക ചൈതന്യം ഉൾക്കൊള്ളുമ്പോഴും നാം നമ്മുടെ കർത്തവ്യം നിറവേറ്റുകയാണ്. സമൂഹത്തിൽ നാം നിർവ്വഹിക്കേണ്ടതായ ജീവിതാവസ്ഥയുടെ കടമകൾ തികഞ്ഞ ഉത്തരവാദിത്വബോധ ത്തോടും അർപ്പണമനോഭാവത്തോടും കൂടി ചെയ്യുന്നതും സുവിശേഷപ്രഘോഷണം തന്നെയാ ണ്. സുവിശേഷ പ്രഘോഷണാർത്ഥം നടത്തപ്പെടുന്ന പ്രേഷിത പ്രവർത്തനങ്ങളോടു നാം പുലർത്തുന്ന മനോഭാവങ്ങളും ചിന്തനീയം തന്നെയാണ്.

പ്രശസ്ത ചൈനീസ് ചിന്തകനായിരുന്ന കൺഫ്യൂഷസിന്റെ അടുക്കൽ ഒരിക്കൽ കുറെ കുട്ടികൾവന്ന് ഒരു കുരുവിക്കുഞ്ഞിനെ കൈയിൽ ഒതുക്കിപ്പിടിച്ച് ചോദിച്ചു: 'ഗുരോ ഈ കുരുവിക്കുഞ്ഞിനു ജീവനുണ്ടോ, ഇല്ലയോ എന്നു ഞങ്ങളോടു പറയാമോ?' കൺഫ്യൂഷസ് ചിന്തിച്ചു. ജീവൻ ഉണ്ട് എന്നാണ് താൻ പറയുന്നത് എങ്കിൽ കുട്ടികൾ കുരുവികുഞ്ഞിനെ കൈക്കുള്ളിലമർത്തി ഞെരിച്ചു കൊന്നതിനുശേഷം ജീവൻ ഇല്ല എന്നു കാണിക്കും. ജീവൻ ഇല്ലാ എന്നാണ് താൻ പറയുന്നതെങ്കിൽ അവർ അതിനെ ജീവനോടെ കാണിക്കും. അതിനാൽ അല്പനേരത്തെ മൗനത്തിനുശേഷം ബുദ്ധിമാനായ കൺഫ്യൂഷസ് പറഞ്ഞു. 'ആ കുരുവികു ഞ്ഞിന്റെ ജീവൻ നിങ്ങളുടെ കൈകളിലാണ്'.

പിതാവായ ദൈവത്തിന്റെ സ്നേഹസന്ദേശവുമായി 2000 വർഷങ്ങൾക്കുമുമ്പ് പലസ്തീനായിലെ തെരുവീഥികളിലൂടെ ഈശോ ചുറ്റിസഞ്ചരിച്ചു രക്ഷയുടെ സദ്വാർത്ത പകർന്നു നല്കി. അവിടുത്തെ ശിഷ്യഗണം അതു ലോകത്തിന്റെ നാനാഭാഗങ്ങളിലുമെത്തിച്ചു. നമ്മുടെ പൂർവ്വികർ അതു പങ്കുവക്കുകയും കെടാതെ നമുക്കു കൈമാറുകയും ചെയ്തു. ഇനി നമ്മുടെ ഊഴമാണ്. നമുക്കു തീരുമാനിക്കാം, കൈയിൽ ലഭിച്ച ഈ ദീപം പീഠത്തിൻമേൽ വയ്ക്കണോ, അതോ പറയുടെ കീഴിൽ വയ്ക്കണോ എന്ന്.........